ഭരണഭാഷ മാതൃഭാഷ "

ICDS-A9/7530/17

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി:25/09/2019.
ഇ-മെയിൽ: swdicds@gmail.com
ഫോൺ നം: 0471-2346534

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ശിശു വികസന പദ്ധതി ആഫീസർമാർക്കും

സർ,

വിഷയം:- വനിതാ ശിശു വികസന വകുപ്പ്- ഐസിഡിഎസ് അങ്കണവാടി കെട്ടിട നവീകരണം- സ്റ്റേറ്റ് പ്ലാൻ ഫണ്ട്-2017-18- നവീകരണം ആവശ്യമുള്ള അങ്കണവാടികളുടെ എസ്റ്റിമേറ്റ് എന്നിവ ആവശ്യപ്പെടുന്നത്-സംബന്ധിച്ച് -

സൂചന:-
1. സ.ഉ.(സാധാ)നം.549/2017/സാനിവ തീയതി 16/08/2017.
2. ഈ കാര്യാലയത്തിലെ 15/12/2017,18/01/2018, 09/03/2018 & 28/03/2018 തീയതിളിലെ ICDS/A8/7530/17 നമ്പർ ഉത്തരവുകൾ

-

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2017-18 സാമ്പത്തിക വർഷം സൂചന (1) പ്രകാരം നവീകരണത്തിനായി ഭരണാനുമതി നല്കിയിട്ടുള്ള 250 അങ്കണവാടികളിൽ 135 അങ്കണവാടികളുടെ നവീകരണത്തിനായി സൂചന (2) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും LSGD ചീഫ് എൻജിനീയർക്ക് നിർവ്വഹണാനുമതി നല്കിയിട്ടുണ്ട്. ഇവയിൽ 16 അങ്കണവാടികളുടെ നവീകരണം പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള 119 അങ്കണവാടികളുടെ നവീകരണ പുരോഗതി റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

ഈ പദ്ധതി പ്രകാരം 115 അങ്കണവാടികൾക്കുകൂടി നവീകരണാനുമതി നല്കാനുണ്ട്. ഓരോ അങ്കണവാടിയ്ക്കും ഒരു ലക്ഷം രൂപ വരെ നവീകരണ പ്രവർത്തിയ്ക്കായി വിനിയോഗിക്കുന്നതിന് സാധിക്കും. ഈ സാഹചര്യത്തിൽ താങ്കളുടെ പ്രോജക്ടിൽ പ്രളയാനന്തരം ഭാഗികമായി നാശനഷ്ടം സംഭവിച്ചതോ, നവീകരണം ആവശ്യമുള്ളതോ ആയ അങ്കണവാടികളുടെ എസ്റ്റിമേറ്റ് LSGD എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ തയ്യാറാക്കി 10/10/2019ന് മുൻപായി ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി..